കയും ചെയ്താൽ മാത്രമേ പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

### കടമപ്പുഴ പാലം പുതുക്കി പണിയാൻ നടപടി

102 (885)ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി-ഏലിക്കുളം റോഡിൽ കടമപ്പുഴ പാലം അപകടനിലയിൽ ആണെന്ന വിവരം സർക്കാരിന് അറിയുമോ;

(ബി) പ്രസ്തുത പാലം പുതുക്കി പണിയാൻ ടെണ്ടർ വിളിച്ചെങ്കിലും കഴിഞ്ഞ ബഡ്ജറ്റിൽ നിന്ന് അലോട്ട്മെന്റ് മാറിപ്പോയതുകൊണ്ട് ടെണ്ടർ ഉറപ്പിച്ചില്ലെന്ന വിവരം സർക്കാരിന് അറിയുമോ;

(സി) അടിയന്തിരമായി അഡീഷണൽ ഓതറൈസേഷൻ വാങ്ങി പണികൾ എത്രയും പെട്ടെന്ന് തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അപകടനിലയിൽ ആയിട്ടില്ല. പക്ഷേ ഇത് ഒരു സിംഗിൾ ലൈൻ പാലമായതിനാൽ പുതുക്കി പണിയേണ്ടതുണ്ട്.

(ബി) പ്രസ്തുത പാലം പണിക്ക് ലഭിച്ച ടെണ്ടർ ബഡ്ജറ്റിൽ പ്രൊവിഷൻ ഇല്ലാത്തതുകൊണ്ട് ടെണ്ടർ കമ്മിറ്റിയിൽ തീരുമാനം ആയിട്ടില്ല.

(സി) സപ്ലിമെന്ററി ബഡ്ജറ്റിൽ തുക ലഭ്യമാക്കുവാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

### മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

103 (886)ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ ആരക്കുഴമൂഴി പാലം, ചാലിക്കടവ് പാലം എന്നിവയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; നാളിതുവരെ ഈ പണികൾക്ക് എന്തു തുക ചെലവഴിച്ചു;

(ബി) ഈ പാലങ്ങളുടെ പണി എന്ന് പൂർത്തീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; ഓരോന്നിനും ബഡ്ജറ്റിൽ എന്തു തുക വിലയിരുത്തിയിട്ടുണ്ട്;

(സി) ആരക്കുഴമൂഴി പാലത്തിന്റെ പണി നടത്തിയതിന്റെ തുക സർക്കാർ നൽകാത്തത് കാരണം കരാറുകാർ പണി നിർത്തിവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ പാലങ്ങളുടെ പണി പൂർത്തീകരിക്കുവാൻ ആവശ്യമായ തുക ഏതു വിധത്തിൽ വകയിരുത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആരക്കുഴമൂഴി പാലത്തിന്റെ രണ്ടു സ്പാനുകളുടെ പണി പൂർത്തിയായി. മറ്റു പണികൾ പുരോഗതിയിലാണ്. ചാലിക്കടവ് പാലത്തിന്റെ ഡിസൈൻ തയ്യാറാക്കുന്നതിനുവേണ്ടിയുള്ള ബോറിംഗ് പണി പൂർത്തിയായി. ഈ പാലത്തിനാവശ്യമായ സ്ഥലം മുൻകൂട്ടി ഏറ്റെടുക്കുന്നതിന് 17.6.1999-ൽ ഉത്തരവും നൽകിയിട്ടുണ്ട്. ആരക്കുഴമൂഴി പാലത്തിന് ഇതുവരെ 51.08 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ചാലിക്കടവ് പാലത്തിന് തുകയൊന്നും ചെലവാക്കിയിട്ടില്ല.

(ബി) ആരക്കുഴമൂഴി പാലം ഈ സാമ്പത്തികവർഷം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ചാലിക്കടവ് പാലത്തിന്റെ ഡിസൈനും ഇൻവെസ്റ്റിഗേഷനും പൂർത്തിയാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകേണ്ടതുണ്ട്. ഈ പാലത്തിന് ഈ വർഷത്തെ ബഡ്ജറ്റിൽ 8.85 ലക്ഷം രൂപയാണ് വക കൊള്ളിച്ചിട്ടുള്ളത്. പണി ടെണ്ടർ ചെയ്യുന്നതിന് ഈ തുക മതിയാവില്ല. മതിയായ തുക ലഭ്യമാക്കി നടപടികൾ പൂർത്തിയാക്കിയശേഷമേ പാലം പണി തുടങ്ങാൻ കഴിയുകയുള്ളൂ. ആരക്കുഴമൂഴി പാലത്തിന് വില്ലേജ് റോഡ് വിഭാഗത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

(സി) ആരക്കുഴമൂഴി പാലം വില്ലേജ് റോഡ് വിഭാഗത്തിലാണ്. പ്രസ്തുത വിഭാഗത്തിൽ ഈ വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. പണി നിർത്തി വച്ചതായി അറിയില്ല.

(ഡി) ആരക്കുഴമൂഴി പാലത്തിന് വില്ലേജ് റോഡിലെ പാലങ്ങളും കലുങ്കുകളും എന്ന ഹെഡ്ഡിലും ചാലിക്കടവ് പാലത്തിന് സ്റ്റേറ്റ് ഹൈവേ പാലങ്ങളും കലുങ്കുകളും എന്ന ഹെഡിലും സപ്ലിമെന്ററി ഡിമാന്റ് വഴിയോ അഡീഷണൽ ഓതറൈസേഷൻ വഴിയോ ആവശ്യമായ തുക ലഭ്യമാക്കാമെന്നാണ് ഉദ്ദേശിക്കുന്നത്.

**കണ്ണൂർ ജില്ലയിലെ മമ്മാക്കുന്ന് പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ**

**104 (887)**ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ എടക്കാട്, തലശ്ശേരി നിയോജക മണ്ഡലങ്ങളെ തമ്മിൽ ബന്ധപ്പിക്കുന്ന മമ്മാക്കുന്ന് പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടംവരെ ആയി എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച ഫയൽ സർക്കാരിൽ എത്തിയിട്ടുണ്ടോ;

(സി) എങ്കിൽ എപ്പോഴാണെന്നും അതിനുശേഷം നടത്തിയിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ;

(ഡി) ഇതു സംബന്ധമായ വല്ല ഹർജിയും ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly